**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4870** **13-03-2023 - ല്‍ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തില്‍ സ്കൂള്‍ ഓഫ് മാപ്പിള ആര്‍ട്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ സജി ചെറിയാന്‍<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ ഏറനാട് താലൂക്കില്‍ നവോത്ഥാന നായകന്‍ അബ്ദുറഹ്മാന്‍ സാഹിബിന്റെ നാമധേയത്തില്‍ 39.67 കോടി രൂപ ചെലവഴിച്ച് നിര്‍മ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിച്ചിട്ടുണ്ടോയെന്നും പദ്ധതി ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം നല്‍കുമോ; | (എ) | പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോര്‍ട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. സമുച്ചയ നിര്‍മ്മാണത്തിനായുള്ള ടെണ്ടര്‍ നടപടികള്‍ക്ക് ടെക്നിക്കല്‍ സാംങ്ഷന്‍ നല്‍കുന്ന നടപടി പുരോഗമിക്കുന്നു. 5 ഏക്കര്‍ ഭൂമിയില്‍ സമുച്ചയം നിര്‍മ്മിക്കുന്നതിനുള്ള ഡി.പി.ആര്‍. ആണ് തയ്യാറാക്കിയിരുന്നത്. എന്നാല്‍ 4.5 ഏക്കര്‍ ഭൂമിയാണ് കൈമാറി കിട്ടിയത്. ബാക്കി അര ഏക്കര്‍ ഭൂമി കൂടി കൈമാറുന്ന കാര്യത്തില്‍ റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | മണ്ഡലത്തില്‍ സ്കൂള്‍ ഓഫ് മാപ്പിള ആര്‍ട്സ് ആരംഭിക്കുന്നതിനുള്ള നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നും ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികള്‍ എന്തൊക്കെയെന്നും വിശദമാക്കാമോ? | (ബി) | മഹാകവി മൊയിന്‍കുട്ടി വൈദ്യര്‍ മാപ്പിളകലാ അക്കാദമി സ്കൂള്‍ ഓഫ് മാപ്പിള ആര്‍ട്സ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികള്‍ സ്വീകരിച്ചുവരുന്നു. ഇതിനായി രജിസ്റ്റര്‍ ചെയ്ത സമിതികളില്‍ നിന്നും അപേക്ഷകള്‍ ക്ഷണിക്കുകയും പാഠ്യപദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷന്‍ ഓഫീസര്‍